# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.235** **28.01.2019 - ൽ മറുപടിയ്ക്ക്**

**<u>മൃതസഞ്ജീവനി പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) മൃതസഞ്ജീവനി പദ്ധതി പ്രവർത്തനം മന്ദഗതിയിൽ ആയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) മന്ദഗതിയിൽ ആയിട്ടില്ല |
| (ബി) പ്രസ്തുത പദ്ധതി സങ്കീർണ്ണമായതോടുകൂടി അവയവങ്ങൾ മാറ്റിവെയ്ക്കപ്പെടേണ്ട രോഗികൾക്ക് യഥാസമയം അവയവങ്ങൾ ലഭിക്കാത്തതുമൂലം നിരവധിപേർ മരണപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) മൃതസഞ്ജീവനി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത രോഗികളിൽ യഥാസമയം അവയവങ്ങൾ ലഭിക്കാതെ കഴിഞ്ഞ വർഷം എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ആളുകൾക്ക് അവയവങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) മൃതസഞ്ജീവനി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത രോഗികളിൽ ഏകദേശം 56 ഓളം പേർ വിവിധ കാരണങ്ങളാൽ കഴിഞ്ഞവർഷം മരണപ്പെട്ടിട്ടുണ്ട്. 2018 ൽ എട്ട് ദാതാക്കളിൽ നിന്നും 29 അവയവങ്ങൾ കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (ഡി) അവയവദാനത്തിനുള്ള നടപടി ക്രമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കി സുതാര്യമായ രീതിയിൽ അവയവദാനം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നിരുന്നാലും മരണാനന്തര അവയവദാനം |

പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്രം വിതരണം നടത്തിവരുകയും ചെയ്യുന്നു. കൂടാതെ പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ